3. സൗരോർജ്ജ പവർ പ്ലാന്റുകൾ

സബ്സിഡി

കേന്ദ്ര ഗവൺമെന്റ് - 53262/-

സംസ്ഥാന ഗവൺമെന്റ് - 39000/-

സൗരോർജ്ജ പവർ പ്ലാന്റുകളുടെ വിലയെ സംബന്ധിക്കുന്ന വിശദാംശം അനുബന്ധം-5* ആയി ചേർത്തിരിക്കുന്നു.

**സൗരോർജ്ജ പാനലുകൾ**

43 (3196) ശ്രീ. സണ്ണി ജോസഫ് :

ശ്രീ. ടി. എൻ. പ്രതാപൻ :

ശ്രീ. പി. എ. മാധവൻ :

ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജലവൈദ്യുത പദ്ധതിയുടെ കനാലിന് മുകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കാൻ പദ്ധതി തുടങ്ങിക്കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാൻ ലക്ഷ്യമിട്ടിട്ടുള്ളത്; വിശദമാക്കാമോ ;

(സി) പദ്ധതി നടത്തിപ്പിനുള്ള തുക എങ്ങനെയാണ് കണ്ടെത്തുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്?

ഉത്തരം

(എ) ഉണ്ട്. കണ്ണൂർ ജില്ലയിലെ ബാരപ്പോൾ ചെറുകിട വൈദ്യുത പദ്ധതിയോടനുബന്ധിച്ചുള്ള കനാലിനു മുകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുവാൻ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് പദ്ധതി തുടങ്ങിക്കഴിഞ്ഞിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി വഴി രണ്ട് മെഗാവാട്ട് സൗരോർജ്ജ വൈദ്യുതി ഉല്പാദിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) മേൽ പദ്ധതിക്കായി 26.89 കോടി രൂപ മതിപ്പു ചെലവ് പ്രതീക്ഷിക്കുന്നു. കേന്ദ്ര സർക്കാരിൽ നിന്നും ആറ് കോടി രൂപ ധനസഹായം ലഭിക്കുന്നതാണ്. ബാക്കി തുക ബോർഡിന്റെ സ്വന്തം ഫണ്ടിൽ നിന്നും കണ്ടെത്താനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(ഡി) പദ്ധതിയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു.

**കോഴിക്കോട് ജില്ലയിലെ കെ.എസ്.ഇ.ബി. മസ്ദൂർ നിയമനം**

44 (3197) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013 സപ്തംബർ 30-ന് പി.എസ്.സി പുറത്തിറക്കിയ കോഴിക്കോട് ജില്ലയിലെ കെ.എസ്.ഇ.ബി. മസ്ദൂർ റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട് ;

(ബി) 2010-ൽ നിയമനം കിട്ടിയ വർക്കർമാർക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ നൽകാൻ ഉദ്ദേശമുണ്ടോ ;

(സി) പുതിയ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം കിട്ടിയവർ ഒഴികെയുള്ളവരെ പ്രൊമോഷൻ വഴി വരുന്ന ഒഴിവുകളിലേക്ക് നിയമനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) 222 പേർക്ക് നിയമനം നല്കിയിട്ടുണ്ട്.

(ബി) 2010-ൽ നിയമനം കിട്ടിയ ധാരാളം ഇലക്ട്രിസിറ്റി വർക്കർമാർക്ക് ലൈൻമാനായി പ്രൊമോഷൻ നൽകിയിട്ടുണ്ട്.

(സി) ലൈൻമാൻ തസ്തികയിൽ ഒഴിവുവരുന്നമുറയ്ക്ക് മസ്ദൂർമാർക്ക് പ്രൊമോഷൻ നൽകുന്നുണ്ട്.

**കൊയിലാണ്ടി നഗരത്തിൽ വോൾട്ടേജ് വ്യതിയാനവും പവർകട്ടും**

45 (3198) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നഗരത്തിൽ പകൽ സമയങ്ങളിൽ അനുഭവപ്പെടുന്ന വോൾട്ടേജ് വ്യതിയാനവും പവർകട്ടും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് കാരണം നഗരത്തിലെ ആശുപത്രികളിലും മറ്റ് സ്ഥാപനങ്ങളിലും ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly